# CAREER Updates

# പത്രവൃത്താന്തം

**27.09.2024 (വെള്ളി)**



- ⇨ 2024-ലെ കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് ടൂറിസം വില്ലേജ് പുരസ്കാരങ്ങൾ നേടിയ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ
- ✔ കടലുണ്ടി (കോഴിക്കോട്), കുമരകം (കോട്ടയം)
- കടലുണ്ടിയ്ക്ക് ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം അവാർഡും കുമരകത്തിന് ബെസ്റ്റ് അഗ്രി ടൂറിസം വില്ലേജ് അവാർഡുമാണ് ലഭിച്ചത്.
- തുടർച്ചയായ രണ്ടാം വർഷമാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ കേരളം ബെസ്റ്റ് ടൂറിസം വില്ലേജ് പുരസ്കാരം സ്വന്തമാക്കുന്നത്. കേരള ഉത്തരവാദിത്ത ടൂറിസം മിഷന്റെ മികവുറ്റ പദ്ധതികളാണ് കടലുണ്ടിയേയും കുമരകത്തേയും പുരസ്കാരത്തിനർഹമാക്കിയത്.

- ⇨ ലോക വിനോദസഞ്ചാരദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 27
- ‘ടൂറിസവും സമാധാനവും’ എന്നതാണ് 2024-ലെ ലോക വിനോദസഞ്ചാരദിനത്തിന്റെ പ്രമേയം.
- ⇨ 2024 സെപ്തംബറിൽ രാജ്യാന്തര ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റുകളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച വെസ്റ്റ് ഇൻഡീസ് താരം
- ✔ ഡ്വെയ്ൻ ബ്രാവോ

- ⇨ വ്യവസായശാലകൾ പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ എത്താതെ പിടിച്ചെടുത്ത് കടലിനടിയിൽ അടച്ചുപൂട്ടുന്നതിനുള്ള നോർത്തേൺ ലൈറ്റ്സ് പദ്ധതിക്ക് തുടക്കം കുറിച്ച രാജ്യം
- ✔ നോർവേ
- നോർവേയിലെ ഒയ്ഗാർഡൻ ദ്വീപിലും നോർത്ത് സീയിലുമായാണ് നോർത്തേൺ ലൈറ്റ്സ് പദ്ധതി നടപ്പിലാക്കുന്നത്. ടോട്ടൽ എനർജീസ്, ഇക്വിനോർ, ഷെൽ എന്നീ എണ്ണക്കമ്പനികളുടെ കൂട്ടായ സംരംഭമാണിത്.
- ⇨ 2024-ലെ സംസ്ഥാന സ്കൂൾ കായികമേളയുടെ വേദി
- ✔ കൊച്ചി
- 2024-ലെ സംസ്ഥാന സ്കൂൾ കായികമേളയുടെ ഭാഗ്യ ചിഹ്നമാണ് ‘തക്കുടു അണ്ണാൻ’.
  ചരിത്രത്തിൽ ആദ്യമായി പ്രവാസി വിദ്യാർത്ഥികൾക്കും പങ്കെടുക്കാം എന്ന പ്രത്യേകതയും 2024-ലെ സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഉണ്ട്.
- ⇨ പ്രമേഹസാധ്യത കുറയ്ക്കാൻ കഴിയുന്ന പുതിയ ഇനം അരി വികസിപ്പിച്ചത്
- ✔ അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രം, ഫിലിപ്പീൻസ്
- ⇨ പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തിടെ മൂന്ന് പരം രുദ്ര സൂപ്പർകമ്പ്യൂട്ടറുകൾ ഉദ്ഘാടനം ചെയ്തു. ഏത് ദൗത്യത്തിന്റെ ഭാഗമായാണ് ഇത് വികസിപ്പിച്ചത്?
- ✔ ദേശീയ സൂപ്പർകമ്പ്യൂട്ടിംഗ് മിഷൻ
- ⇨ ലോക 6-റെഡ് സ്നൂക്കർ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം നേടിയ ഇന്ത്യക്കാരൻ
- ✔ കമൽ ചൗള
- ⇨ 2024 സെപ്തംബറിൽ മെറ്റ അവതരിപ്പിച്ച ആദ്യ ഓഗ്മെന്റഡ് റിയാലിറ്റി ഗ്ലാസ്സ്
- ✔ ഓറിയോൺ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999